പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1651 — 03/05/2017-ൽ മറുപടിക്ക്

## പ്രൈവറ്റ് ആശുപത്രികളിലെ ചൂഷണം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.പി.സി. ജോർജ്** | | **ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ** (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| എ) | കേരളത്തിലെ വിവിധ പ്രൈവറ്റ് ആശുപത്രികളിൽ ഒരേ അസുഖത്തിന് ചികിത്സതേടിയെത്തുന്ന രോഗികളിൽ നിന്നും ചികിത്സയ്ക്കും ആശുപത്രി മുറിയ്ക്കും മരുന്നിനും ടെസ്റ്റുകൾക്കും എല്ലാം ആളുകളുടെ നിലവാരം നോക്കി പലതരത്തിലുള്ള തുക ഈടാക്കി രോഗികളെ കഷ്ടപ്പെടുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ ചൂഷണത്തെ തടയാനും ഇതിനെതിരെ നിയമാനുസരണം നടപടി സ്വീകരിയ്ക്കാനും എന്തൊക്കെ നടപടികൾ സ്വീകരിയ്ക്കുമെന്ന് വിശദമാക്കുമോ; | എ) യും ബി) യും സി) യും ഡി) യും ഇ) യും | സംസ്ഥാനത്ത് സ്വകാര്യ ചികിത്സാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുവാൻ ആരോഗ്യ വകുപ്പിൽ നിലവിൽ സംവിധാനമില്ല. എന്നാൽ സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകൾ തുടങ്ങിയ എല്ലാ ചികിത്സാ സ്ഥാപനങ്ങളുടെയും പ്രവർത്തന നിലവാരം ആവശ്യമായ നിയമം മുഖേന നിയന്ത്രിക്കുക എന്ന ലക്ഷ്യത്തോടെ "കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജി. & റഗു.) ബിൽ 2017"-ന് രൂപം നൽകിയിട്ടുണ്ട്. ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| ബി) | ഈ ചൂഷണത്തെ തടയാൻ പുതിയ നിയമനിർമ്മാണം നടത്താൻ തയ്യാറാകുമോ; | | |
| സി) | പ്രൈവറ്റ് ആശുപത്രികളിലെ ഡോക്ടർമാർക്ക് അമിതനിരക്കിൽ ശമ്പളം നൽകുന്നതിനാണ് പല തരത്തിലും രോഗികളെ ചൂഷണം ചെയ്യുന്നതെന്നത് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | | |
| ഡി) | പ്രസ്തുത ആശുപത്രികളിലെ ഡോക്ടർമാരുടെ ശമ്പളത്തെ നിജപ്പെടുത്താൻ സർക്കാർ തലത്തിൽ പ്രത്യേക കമ്മിറ്റി രൂപീകരിച്ച് നടപടി സ്വീകരിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | | |
| ഇ) | ഇതിനെക്കുറിച്ച് അന്വേഷിയ്ക്കാൻ ഒരു കമ്മിറ്റിയെ നിയോഗിച്ച് ഇക്കാര്യങ്ങൾ വിലയിരുത്തി നടപടി സ്വീകരിയ്ക്കുമോ? | | |

സെക്ഷൻ ഓഫീസർ